File No.FWLD-D2/265/2018-FWLD

**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4082

25.06.2018-ൽ മറുപടിയ്ക്ക്.

## മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ ഇക്കോ ടൂറിസം സാധ്യതകൾ

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പ്മന്ത്രി) |
|---|---|
| (എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ ഇടമലയാർ, കുട്ടമ്പുഴ തുണ്ടം റെയിഞ്ചുകളിലെയും മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിലെയും പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് കൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കുട്ടമ്പുഴ തുണ്ടം റെയിഞ്ചുകളിലെ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ടുള്ള നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) തുണ്ടത്തിൽ റെയിഞ്ചിലെ ഭൂതത്താൻകെട്ട് പ്രദേശത്ത് നിലവിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടമ്പുഴ റെയിഞ്ചിൽപ്പെട്ട പൂയംകുട്ടി, പിണ്ടിമേട്, കുമ്പൻപാറ, ആനകുളം തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി കാൽനടയായുള്ള വനസന്ദർശന പരിപാടി (ട്രെക്കിംഗ്) നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ സാധ്യത പരിശോധിച്ച് പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ പുരോഗമിച്ച് വരുന്നുണ്ട്. |
| (സി) വിദേശി - സ്വദേശി ടൂറിസ്റ്റുകൾക്ക് ഏറെ ആകർഷകമായ പ്രകൃതി സൗന്ദര്യം ആസ്വദിക്കുവാൻ കഴിയുന്ന പ്രസ്തുത പ്രദേശങ്ങളിൽ പ്രവേശിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കുമോ; | (സി) പശ്ചിമഘട്ട വനമേഖലയിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള മേഖലയിൽ ഉൾപ്പെടുന്ന പ്രസ്തുതപ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നുണ്ട്. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും നിബന്ധനകളും കൂടി ഇക്കാര്യത്തിൽ പരിശോധിക്കേണ്ടതായിട്ടുണ്ട്. ടി പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വനംവകുപ്പിന്റെ മുൻകൂർ |

അനുമതിയോടുകൂടി മാത്രം സന്ദർശകർക്ക് സന്ദർശനാനുമതി നൽകാവുന്നതാണ്.

| | |
|---|---|
| (ഡി) പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതിയുടെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത പ്രദേശങ്ങളിലെ VSS/EDC-കളിൽ നിന്നും ആവശ്യം ഉന്നയിച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ സാദ്ധ്യത സംബന്ധിച്ച് നിവേദനം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ